Circular No. 168
Vocation
Sunday, 2015

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date : 10 - 03 - 2015

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവ ജനമേ,

സമർപ്പിതവർഷമായി സാർവത്രികസഭ ആചരിക്കുന്ന ഈ വർഷത്തിലെ ദൈവവിളി ദിനം സവിശേഷമായ നമ്മുടെ ശ്രദ്ധ അർഹിക്കുന്നു. പൗരോഹിത്യ-സന്ന്യസ്ത വിളി വയലിൽ ഒളിഞ്ഞിരിക്കുന്ന നിധി പോലെയാണ്. ഓരോരുത്തർക്കും ദൈവം ദാനമായി നല്കുന്ന ദൈവവിളിയെ തിരിച്ചറിഞ്ഞ് അതിലൂടെ ജീവിതദൗത്യം നിർവഹിക്കുവാൻ ഈ ദിനം നമ്മെ അനുസ്മരിപ്പിക്കുന്നു.

സാർവത്രികസഭ 2015 ഏപ്രിൽ 26-ാം തീയതി ദൈവവിളി ഞായറായി ആഘോഷിക്കുന്ന ദിനത്തിൽതന്നെ നമ്മുടെ അതിരൂപതയും ദൈവവിളിദിനമായി ആചരിക്കണമെന്ന് ഞാൻ അറിയിക്കുന്നു. ഈ ദിനത്തിൽ ഫ്രാൻസിസ് പാപ്പാ തന്നിരിക്കുന്ന വിഷയം "നമ്മൾ ദൈവത്തിന്റെ ജനം" (We are God's People) എന്നതാണ്. മാമ്മോദീസായിലൂടെ ദൈവമക്കളായി തീർന്നിരിക്കുന്ന ഓരോ ക്രൈസ്തവനും ഈ ബഹുമതിയിൽ ജീവിക്കാൻ യോഗ്യനാണ്.

ഫ്രാൻസിസ് പാപ്പായുടെ "ആനന്ദിക്കുവിൻ" എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഇപ്രകാരം പറയുന്നു. "സമർപ്പിതർ എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം സന്തോഷമുണ്ട്." യേശുവിനെ കണ്ടുമുട്ടുന്നയെല്ലാവരുടെയും ഹൃദയവും ജീവിതവും സന്തോഷംകൊണ്ടു നിറയുന്നു. കർത്താവിനെ പിൻതുടരുന്നതിനുവേണ്ടി എല്ലാം ഉപേക്ഷിക്കുമ്പോൾ അനുഭവിക്കുന്ന സന്തോഷമാണ് സമർപ്പിതർക്കുള്ളത്. ലോകത്തെ ഉണർത്താൻ പ്രത്യേക കഴിവുള്ള സ്ത്രീ-പുരുഷന്മാരായിരിക്കണം സമർപ്പിതർ.

സന്തോഷമാണ് സമർപ്പണത്തിന്റെ സൗന്ദര്യം. ദൈവത്തിൽ നിന്നുള്ള ആശ്വാസം എല്ലാവർക്കും എത്തിച്ചു കൊടുക്കുന്നതിലുള്ള സന്തോഷം. അതിനു സന്തോഷം ആദ്യം ഉള്ളിലനുഭവിക്കണം. എങ്കിലേ തങ്ങളുടെ ജീവിതസാക്ഷ്യം വഴി മറ്റുള്ളവരിലേക്ക് ഈ ആനന്ദം നല്കുവാൻ സാധിക്കുകയുള്ളൂ. "ബലഹീനരെ നേടേണ്ടതിനു ഞാൻ അവർക്കു ബലഹീനനായി. എല്ലാ പ്രകാരത്തിലും കുറെപ്പേരെ രക്ഷിക്കേണ്ടതിനു ഞാൻ എല്ലാവർക്കും എല്ലാമായി" (1 കൊറി 9:22) എന്ന തിരുവചനം അന്വർത്ഥമാക്കാൻ കഴിയണം. "നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്" (യോഹ. 15:16) എന്ന ചിന്തയോടെ ദൈവീകദാനമായ ദൈവവിളിയെ ആത്മാക്കളുടെ രക്ഷയ്ക്കും ദൈവമഹത്വത്തിനുമായി സമർപ്പിക്കണം. അപ്പോൾ വി. പൗലോസിനെപ്പോലെ "ഇനിമേൽ ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ. 2:20) എന്ന മനോഭാവത്തോടെ ജീവിക്കാൻ ഓരോ സമർപ്പിതർക്കും കഴിയും.

സഭാസമൂഹത്തിന്റെ അടിത്തറ പണിയപ്പെട്ടിരിക്കുന്നത് കുടുംബങ്ങളിലാണ്. നല്ല കുടുംബാന്തരീക്ഷമാണ് നല്ല ദൈവവിളിയുടെ വിളനിലങ്ങൾ. അതിനാൽ ദൈവവിളിയുടെ പ്രാരംഭ പരിശീലനം ആരംഭിക്കുന്നത് കുടുംബങ്ങളിൽ നിന്നാണ്. അംബരചുംബികളായ കെട്ടിടങ്ങളെ എന്നും താങ്ങിനിർത്തുന്നത് അതിന്റെ അടിത്തറയാണ്. ഇതുപോലെ ദൈവവിളി സ്വീകരിച്ച ഓരോ വ്യക്തിയുടെയും അടിസ്ഥാനമെന്നത് കുടുംബത്തിൽ മാതാപിതാക്കളിൽ നിന്ന് ലഭിക്കുന്ന പരിശീലനം ആണ്. സമ്പത്തിനോടു അമിതാവേശം നിറഞ്ഞ ഈ കാലത്ത്, മാതാപിതാക്കൾ ദൈവം തങ്ങൾക്കു ദാനമായി നല്കിയ മക്കളെ സഭാ-സാമുദായിക ഉന്നമനത്തിനായി നല്കുമ്പോഴാണ് ദൈവവിളിയുടെ സംസ്കാരം പൂവണിയപ്പെടുന്നത്.

ദൈവവിളി പ്രോത്സാഹനത്തിൽ സഭയോട് സഹകരിക്കാൻ ഓരോ ക്രൈസ്തവനും കടമയുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വൈദികപരിശീലനം (O.T. No. 2) എന്ന പ്രമാണരേഖയിൽ ഇക്കാര്യം ഊന്നൽകൊടുത്തു പറയുന്നു. "ദൈവവിളിയുടെ വർദ്ധനയെ മുൻനിർത്തി ദൈവജനം ഏകോപിച്ചു നടത്തുന്ന പ്രയത്നം ദൈവപരിപാലനയോടുള്ള സഹകരണം ആണ്." ദൈവവിളിക്കായി തങ്ങളുടെ മക്കളെ ദൈവം തിരഞ്ഞെടുക്കുന്നതിൽ മാതാപിതാക്കന്മാർ അതീവ സന്തുഷ്ടരും അതിനെ വളർത്തി പരിപോഷിപ്പിക്കാൻ ഉത്സുകരും ആയിരിക്കണം.

വെല്ലുവിളികളും ആരോപണങ്ങളും നിറഞ്ഞ ജീവിത വഴിത്താരയിൽ ധൈര്യപൂർവ്വം മുന്നോട്ട് നീങ്ങുവാൻ സന്ന്യസ്തർക്ക് ദൈവജനത്തിന്റെ ശക്തമായ പിന്തുണ അനിവാര്യമാണ്. പരിശീലനത്തിനാവശ്യ

മായ സാമ്പത്തിക സഹായം നല്കിക്കൊണ്ട് അവരുടെ വളർച്ചയിൽ നമുക്ക് പങ്കുചേരാവുന്നതാണ്. നമ്മുടെ അതിരൂപതയിലെ വൈദിക വിദ്യാർത്ഥിഫണ്ടിൽ അംഗങ്ങളായി വൈദിക പരിശീലനത്തിൽ പങ്കാളികളാകുന്ന ഏവരെയും ഞാൻ അഭിനന്ദിക്കുന്നു. ബഹു. വികാരിയച്ചന്മാർ ഇക്കാര്യത്തിൽ കാണിക്കുന്ന താല്പര്യത്തെ പ്രത്യേകം നന്ദിയോടെ ഓർക്കുകയും കൂടുതൽ വ്യക്തികളെ ഇതിനായി പ്രോത്സാഹിപ്പിക്കണമെന്ന് ഓർമിപ്പിക്കുകയും ചെയ്യുന്നു.

പൗരോഹിത്യ-സമർപ്പിത ദൈവവിളി സ്വീകരിച്ച് വിശുദ്ധിയുടെ സോപാനങ്ങളിലേക്കുയർത്തപ്പെട്ട വിശുദ്ധരായ ചാവറയച്ചനും എവുപ്രാസ്യമ്മയും അൽഫോൻസാമ്മയും എന്നും ആഗോളസഭയ്ക്ക് പ്രത്യേകിച്ച് സീറോ മലബാർ സഭയ്ക്ക് ഒരു മുതൽകൂട്ടാണ്. ഇത്തരത്തിൽ ദൈവവിളികളെ കണ്ടെത്തുന്നതിനും തിരഞ്ഞെടുക്കുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കുകയാണ് ദൈവവിളി ക്യാമ്പുകൾ. കോട്ടയത്ത് ആൺകുട്ടികൾക്കായുള്ള ദൈവവിളിക്യാമ്പ് ഏപ്രിൽ 13-ാം തീയതി മുതൽ 15-ാം തീയതി വരെയും പെൺകുട്ടികൾക്കായുള്ള ക്യാമ്പ് ഏപ്രിൽ 16-ാം തീയതി മുതൽ 18-ാം തീയതി വരെയും ചൈതന്യാ പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്നു. മലബാറിൽ പെൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പ് ഏപ്രിൽ 13-ാം തീയതി മുതൽ 15-ാം തീയതി വരെയും ആൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പ് ഏപ്രിൽ 16-ാം തീയതി മുതൽ 18-ാം തീയതിവരെയും കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽവച്ചും നടത്തപ്പെടുന്നു.

അതിരൂപതയിലോ അതിരൂപതയ്ക്കു വെളിയിലോ ഉള്ള വൈദിക-സന്യാസ സമൂഹങ്ങളിൽ ചേരുവാനാഗ്രഹിക്കുന്ന യുവതി യുവാക്കൾ അതിരൂപതാ തലത്തിൽ നടത്തപ്പെടുന്ന ദൈവവിളി ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കണമെന്ന കാര്യം പ്രത്യേകം ഓർമിപ്പിക്കട്ടെ. അതിനാൽ എസ്.എസ്.എൽ.സി.യോ ഉപരിവിദ്യാഭ്യാസ യോഗ്യതയോ ഉള്ള തല്പരരും സദ്സ്വഭാവികളുമായ യുവതി യുവാക്കളെ ക്യാമ്പിലേക്ക് പറഞ്ഞയയ്ക്കാൻ മാതാപിതാക്കളും ബഹു. വൈദികരും പ്രത്യേകം ശ്രദ്ധിക്കണം. അതിരൂപതയ്ക്ക് വെളിയിൽ വൈദിക-സന്യാസ സമൂഹങ്ങളിൽ ചേരുവാനാഗ്രഹിക്കുന്നവർ അതിരൂപതാ ദൈവവിളി കേന്ദ്രത്തിൽ നിന്നും അതിനുള്ള പ്രത്യേകാനുവാദം വാങ്ങിയിരിക്കണം.

നല്ല ദൈവവിളികൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനും അതിരൂപതാ ദൈവവിളി കമ്മീഷനും ഇടവകകളും കുടുംബങ്ങളും വ്യക്തികളും നടത്തുന്ന എല്ലാ സംരംഭങ്ങളെയും നിത്യപുരോഹിതനായ ഈശോ അനുഗ്രഹിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട്,

സ്നേഹപൂർവ്വം

**✠മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: (1) ഈ സർക്കുലർ 2015 ഏപ്രിൽ 12-ാം തീയതി ഞായറാഴ്ച നമ്മുടെ ദൈവാലയങ്ങളിൽ വി. കുർബാന മധ്യേ വായിച്ചറിയിക്കേണ്ടതാണ്.

(2) ദൈവവിളി ക്യാമ്പുകൾ ആദ്യദിനം വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് മൂന്നാംദിനം ഉച്ചകഴിഞ്ഞ് 1 മണിക്ക് അവസാനിക്കുന്നു. ക്യാമ്പ് ഫീസ് 300 രൂപയാണ്. ക്യാമ്പിൽ പങ്കെടുക്കുന്നവർ ബഹു. വികാരിയച്ചന്റെ കത്ത് നിർബന്ധമായും കൊണ്ടുവരണം.